LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത നടപടി

107 (452) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നാണ് സർക്കാർ ഏറ്റെടുത്തത് എന്നും ഏറ്റെടുക്കുന്നതിന് മുമ്പ് മെഡിക്കൽ കോളേജിന്റെ ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തിയിരുന്നോ എന്നും വിശദമാക്കാമോ ;

(ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ കേപ്പുമായി എന്തെങ്കിലും ധാരണപത്രം ഒപ്പുവച്ചിരുന്നോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൊച്ചി സഹകരണ മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ കേപ്പിന് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ചെയ്തിരുന്നോ ; നഷ്ടപരിഹാരമായി എന്തെങ്കിലും തുക കേപ്പിന് ലഭിച്ചോ ; വ്യക്തമാക്കാമോ ;

(ഡി) സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ സർക്കാർ ഏറ്റെടുത്തോ ; വിശദാംശം നൽകുമോ ;

(ഇ) സർക്കാർ ഏറ്റെടുത്ത തീയതിമുതൽ ഇതുവരെ മെഡിക്കൽ കോളേജിന്റെ നടത്തിപ്പിനായി കേപ്പ് എത്ര തുക ചെലവഴിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) 17-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 488/2013/ആ.ക.വ പ്രകാരം നിലവിലുള്ള ആസ്തി ബാധ്യതകളോടെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ഉത്തരവായിട്ടുള്ളതാണ്. 31-5-2013 അടിസ്ഥാനമാക്കി എറണാകുളം ജില്ലാ കളക്ടർ 2013 ജൂലൈ മാസത്തിൽ ആസ്തി ബാധ്യത റിപ്പോർട്ട് ആരോഗ്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) 17-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 488/2013/ആ.ക.വ പ്രകാരം കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേപ്പിന് നഷ്ടപരിഹാരം നൽകേണ്ട ആവശ്യമുണ്ടോ എന്ന വിഷയം ധനകാര്യവകുപ്പ് നിയോഗിക്കുന്ന കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട് ലഭിച്ചശേഷം തീരുമാനിക്കുന്നതാണ് എന്ന ഉത്തരവായിട്ടുണ്ട്. നഷ്ടപരിഹാരം നൽകിയിട്ടില്ല.

(ഡി) 17-12-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം റിട്ടയർ ചെയ്തശേഷം ജോലിയെടുക്കുന്നവരും കരാർ അടിസ്ഥാനത്തിലുള്ളവരും ദിവസവേതന അടിസ്ഥാനത്തിലുള്ള ജീവനക്കാരും ഒഴികെയുള്ളവരുടെ സേവന-വേതന വ്യവസ്ഥയും മറ്റും പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകപ്പ് സെക്രട്ടറി, ധനകാര്യ വകപ്പ് സെക്രട്ടറി, സഹകരണ വകപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ഇ) 17-12-2013 മുതൽ നാളിതുവരെയായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ശമ്പളത്തിനും മറ്റ് ദൈനംദിന ചെലവുകൾക്കുമായി മൊത്തം 13,18,45,161 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ

108 (453) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ അധീനതയിലുള്ള ശാഖകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകളുടെ എണ്ണം ബ്രാഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയതായി അനുവദിച്ച ശാഖകളിലെ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ, ബ്രാഞ്ച് മാനേജർ തസ്തികയിൽ 8 ഒഴിവുകൾ നിലവിലുണ്ട്. ശാഖാ മാനേജർ തസ്തികകൾ ബാങ്ക് ആസ്ഥാനത്തും ശാഖകളിലുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നതിനാൽ ശാഖ തിരിച്ച് ഒഴിവുകൾ പരാമർശിക്കാൻ കഴിയില്ല.

(ബി) പ്രസ്തുത ഒഴിവുകൾ സഹകരണ സംഘം രജിസ്ട്രാറുടെ 11-6-2014-ലെ സി.ബി (3) 43833/2013 നമ്പർ ഉത്തരവ് അനുസരിച്ചാണ് നിലവിൽ വന്നത്. ടി. ഉത്തരവിന് 9-9-2013 തീയതി മുതൽ പ്രാബല്യമുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly